# യോഹന്നാന്റെ ജീവപഠനം

## ദൂത് നാൽപ്പത്തിനാല്

## വർദ്ധനവിനായി

## പ്രക്രിയാവിധേയമായ ജീവൻ

## (3)

Mon ഈ ദൂതിൽ, കർത്താവിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള ഒരു അദ്ധ്യായമായ യോഹന്നാൻ 20-ലേക്ക് നാം വരുന്നു. കർത്താവിന്റെ മരണം, അവന്റെ പുനരുത്ഥാനത്തിനുവേണ്ടിയുള്ളതായിരുന്നു. നിലത്തു വീണ് ചാകുകയും അനേക ഗോതമ്പുമണികളിലേക്ക് ജീവൻ പകരുവാൻ വിടുവിക്കപ്പെടുന്നതുമായ ഗോതമ്പുമണിയാണ് താൻ എന്ന് 12:24-ൽ അവൻ പറഞ്ഞു. അതായത്, ഉയിർത്തെഴുന്നേൽക്കുവാനും അനേക മണികളായിത്തീരുവാനുമായി അവൻ മരിക്കണമായിരുന്നു. മനുഷ്യമനസ്സിന് ഇത് വിചിത്രവും ദുർഗ്രാഹ്യവുമായി തോന്നും. മരണത്തിനു ശേഷം പുനരുത്ഥാനം എന്നൊരു സംഗതി ഉണ്ടെന്നുള്ള ചിന്ത മനുഷ്യമനസ്സ് ഒരിക്കലും ശ്രദ്ധിച്ചിട്ടില്ല. മരണം കർത്താവായ യേശുവിന്റെ അന്ത്യം കുറിക്കും എന്ന് സാത്താനും കരുതി. സാത്താന്, മരണം അന്ത്യമായിരുന്നു; എന്നാൽ, കർത്താവിന് മരണം അന്ത്യമായിരുന്നില്ല; അത് അവന് പുനരുത്ഥാനത്തിലേക്ക് പ്രവേശിക്കുവാനുള്ള മാർഗ്ഗമായിരുന്നു. അതുകൊണ്ട്, കർത്താവിന് മരണം ഒരു പരാജയമായിരുന്നില്ല, വിജയത്തിലേക്കുള്ള ഒരു വഴി ആയിരുന്നു. കൊല്ലപ്പെട്ടതുമൂലം അവൻ വിജയം നേടി, കാരണം മരണം പുനരുത്ഥാനത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരു വാതിൽ ആയിത്തീർന്നു. തീർച്ചയായും, അവന്റെ മരണം അവന്റെ പുനരുത്ഥാനത്തിനുവേണ്ടിയുള്ളതായിരുന്നു. മരണം കൂടാതെ, അവന് സഭയെ ഉളവാക്കുവാൻ ഒരിക്കലും കഴിയുകയില്ലായിരുന്നു. മരണം കൂടാതെ അവന്റെ ശരീരത്തിന്റെ അവയവങ്ങളാകുവാൻ നമ്മെ വീണ്ടുംജനിപ്പിക്കുവാൻ അവന് ഒരിക്കലും കഴിയുകയില്ലായിരുന്നു. അതുകൊണ്ട്, സകലവും, പുനരുത്ഥാനത്തിലേക്ക് നയിച്ച കർത്താവിന്റെ മരണത്തിൽ അടിസ്ഥാനപ്പെട്ടിരുന്നു.

കർത്താവിന്റെ പുനരുത്ഥാനത്തെ സംബന്ധിച്ച യോഹന്നാന്റെ സുവിശേഷത്തിലെ രേഖ, മറ്റു മൂന്ന് സുവിശേഷങ്ങളിലേതിൽ നിന്ന് വ്യത്യസ്തമാണ്. മത്തായിയിലും മർക്കൊസിലും ലൂക്കൊസിലും കർത്താവിന്റെ പുനരുത്ഥാനത്തിന്റെ രേഖ ഏതാണ്ട് ഒരുപോലെയാണ്. എന്നാൽ, യോഹന്നാനിലെ രേഖ വളരെയധികം വ്യത്യസ്തമാണ്. യോഹന്നാന്റെ സുവിശേഷത്തിന് എല്ലായ്പ്പോഴും ജീവന്റെ കാഴ്ചപ്പാടുണ്ട്. യോഹന്നാന്റെ സുവിശേഷം അനുസരിച്ച്, ജീവനായി ദൈവത്തെ നാം സ്വീകരിക്കുവാൻ അവന്റെ ആവിഷ്കാരമായി കർത്താവ് വരികയും, ജീവനായി അവനെത്തന്നെ നമ്മിലേക്ക് പകരുവാൻ അവൻ മരിക്കുകയും ഉയിർക്കുകയും ചെയ്തു. നമുക്ക് ഈ പുസ്തകം മനസ്സിലാകണമെങ്കിൽ, നാം ഈ കാഴ്ചപ്പാട് മനസ്സിൽ കരുതണം. കർത്താവിന്റെ പുനരുത്ഥാനത്തിന്റെ രേഖയിൽ ഇതേ കാഴ്ചപ്പാട് കാണാം. എങ്ങനെ കർത്താവ് തന്റെ മരണത്തിലൂടെ വിടുവിക്കപ്പെട്ടുവെന്നും തന്റെ പുനരുത്ഥാനത്തിലൂടെ നമ്മിലേക്ക് പകരപ്പെട്ടുവെന്നും കാണിച്ചുകൊണ്ട്, യോഹന്നാൻ 20-ഉം 21-ഉം എഴുതപ്പെട്ടത് ഈ കാഴ്ചപ്പാടിൽനിന്ന് ആണ്. ഈ രണ്ട് അദ്ധ്യായങ്ങളുടെ പ്രധാന ഉദ്ദേശ്യം, കർത്താവ് തന്റെ പുനരുത്ഥാനത്തിനു ശേഷവും പുനരുത്ഥാനത്താലും നമ്മിലേക്ക് വരുമെന്നും നമ്മോട് ഒന്നായിരിക്കും എന്നും ആണ്.

യോഹന്നാന്റെ സുവിശേഷം മുഴുവനും പുനരുത്ഥാനം ലക്ഷ്യമാക്കിയുള്ളതാണ്. ഒരു മനുഷ്യനായി കർത്താവ് ജഡാവതാരമെടുത്തത്, അനേക മനുഷ്യരിലേക്ക് അവനെത്തന്നെ പകരുവാനും അനേക ദൈവപുത്രന്മാരെ ഉളവാക്കുവാനും ആയിരുന്നു. അവൻ ദൈവത്തിന്റെ ഏകജാതനായ പുത്രൻ ആയിരുന്നു, എന്നാൽ ദൈവത്തിന് തന്റെ ഏകജാതനായ പുത്രന്റെ പുനരുത്പാദനവും വർദ്ധനവും ആവശ്യമായിരുന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രൻ പുനരുത്പാദിപ്പിക്കപ്പെടുകയും വർദ്ധിക്കുകയും ചെയ്യുന്നതിനുള്ള ഏക മാർഗ്ഗം മരണവും പുനരുത്ഥാനവും ആയിരുന്നു. ഉദാഹരണമായി, ഒരു ഗോതമ്പുമണി അനേക മണികളായി പുനരുത്പാദിപ്പിക്കപ്പെടുകയും വർദ്ധിക്കുകയും ചെയ്യുവാൻ കഴിയുന്ന ഏകമാർഗ്ഗം മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും മാർഗ്ഗമാണ്. നാം കണ്ടതുപോലെ, യോഹന്നാന്റെ സുവിശേഷം മുഴുവനും ഈ ദിശയിലേക്ക്-ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ പുനരുത്പാദനത്തിലേക്കും വർദ്ധനവിലേക്കും- തിരിഞ്ഞിരിക്കുന്നു. ഇങ്ങനെ ഏകജാതനായ പുത്രൻ അനേക പുത്രന്മാർ ആയിത്തീരുന്നു(റോമ.8:29). ദൈവത്തിന് തന്റെ സംഘാത ആവിഷ്കാരം ഉണ്ടാകുന്നതിന് അനേക പുത്രന്മാർ ആവശ്യമാണ്. ഇതു നിമിത്തം ദൈവത്തിന്റെ ഏകജാതനായ പുത്രൻ മരണത്തിലൂടെ വിടുവിക്കപ്പെടുകയും പുനരുത്ഥാനത്തിലൂടെ നമ്മിലേക്ക് പകരപ്പെടുകയും ചെയ്യണമായിരുന്നു.

## VII. ദിവ്യമഹത്വത്തിൽ ഉയിർക്കുന്നു

വർദ്ധനവിനുവേണ്ടി ജീവൻ എങ്ങനെ പ്രക്രിയവിധേയമായി എന്ന് ഇതുവരെ നാം പരിഗണിക്കുകയായിരുന്നു. പരിശോധനയിലൂടെയും വിധിയിലൂടെയും മരണം എന്ന ശോധനയിലൂടെയും കടന്നുപോയ ശേഷം അവൻ മനുഷ്യത്വാദരവിൽ വിശ്രമിച്ചു. പിന്നീട്, പ്രക്രിയയുടെ മരണം എന്ന പങ്കിലൂടെ കടന്നുപോയശേഷം, ക്രിസ്തു ദിവ്യതേജസ്സിൽ പുനരുത്ഥാനം ചെയ്തു(20:1-13,17). ഇപ്പോൾ, പുനരുത്ഥാനം ചെയ്തിട്ട്, അവൻ ദിവ്യതേജസ്സിലാണ്.

### A. "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ"

കർത്താവ് "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ"പുനരുത്ഥാനം ചെയ്തു (20:1). കർത്താവിന്റെ പുനരുത്ഥാനം ഒരു പുതിയ തലമുറയിലേക്കും ഒരു പുതിയ യുഗത്തിലേക്കും വഴി തുറന്ന ഒരു പുതിയ തുടക്കമായിരുന്നു. ഇതിനാലാണ് കർത്താവ് "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ"പുനരുത്ഥാനം ചെയ്തത്. ഈ ദിവസം വേദപുസ്തകത്തിലെ ഏറ്റവും മഹത്തായ ദിവസമാണ്. ഇതിനെ"ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ"എന്നു വിളിക്കുന്നതിന്റെ അർത്ഥം, ഇത് ഒരു പുതിയ ആരംഭമാകുന്നു എന്നാണ്. ഒരു ആഴ്ച ഏഴു ദിവസങ്ങളുള്ള ഒരു കാലഘട്ടമാണ്. ഒന്നാം ദിവസം ഒരു പുതിയ ആരംഭത്തെ കുറിക്കുന്നു. എന്തുകൊണ്ട് കർത്താവ് ആറാമത്തെയോ ഏഴാമത്തെയോ, അല്ലെങ്കിൽ ആഴ്ചവട്ടത്തിന്റെ മറ്റേതെങ്കിലും ദിവസം പുനരുത്ഥാനം ചെയ്തില്ല? കാരണം അവന്റെ പുനരുത്ഥാനം ഒരു പുതിയ കാലയളവിനെ, ഒരു പുതിയ യുഗത്തെ, ഒരു പുതിയ തലമുറയെ ആനയിച്ചു. പഴയ സൃഷ്ടിയിൽ ഏഴു ദിവസം ഉണ്ടായിരുന്നു. ദൈവം ആറു ദിവസംകൊണ്ട് സൃഷ്ടി നടത്തുകയും, ഏഴാം ദിവസം വിശ്രമിക്കുകയും ചെയ്തു. ഈ ഏഴു ദിവസവും പഴയ സൃഷ്ടിയുടെ തലമുറയായിരുന്നു; കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിലൂടെ മറ്റൊരു തലമുറ പുതുതായി ആരംഭിച്ചു. പഴയ സൃഷ്ടി ഏഴു ദിവസങ്ങളുള്ളത് ആയിരുന്നു. ഇപ്പോൾ, ഏഴു ദിവസത്തിനു ശേഷം, മറ്റൊരു ആദ്യദിവസത്തോടുകൂടെ ഒരു പുതിയ തുടക്കം ഉണ്ട്. അതായത്, കർത്താവിന്റെ പുനരുത്ഥാനത്തിലൂടെ പഴയ സൃഷ്ടി നീങ്ങിപ്പോകുകയും, ഒരു പുതിയ സൃഷ്ടി തുടങ്ങുകയും ചെയ്തു; പഴയ തലമുറ കഴിഞ്ഞ് പുതിയ തലമുറ ആരംഭിച്ചു. അങ്ങനെ, മറ്റൊരു ആഴ്ചയുടെ ആദ്യദിവസം ഒരു പുതിയ സൃഷ്ടിയുടെ, പുതിയ തലമുറയുടെ, ഒരു പുതിയ യുഗത്തിന്റെ ആരംഭത്തെ സൂചിപ്പിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കർത്താവ് പുനരുത്ഥാനം ചെയ്യുമെന്ന് സൂചിപ്പിച്ചതായ പഴയനിയമത്തിലെ മുൻകുറി നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? ലേവ്യപുസ്തകം 23:10-ലും 11-ലും 15-ലും കൊയ്ത്തിന്റെ ആദ്യഫലത്തിന്റെ കറ്റ കർത്താവിന് ഒരു നീരാജന

യാഗമായി"ശബ്ബത്തിന്റെ പിറ്റേന്നാൾ"അർപ്പിച്ചിരുന്നു. ആ ആദ്യഫലത്തിന്റെ കറ്റ, പുനരുത്ഥാനത്തിലെ ആദ്യഫലം എന്ന നിലയിൽ, ക്രിസ്തുവിന് ഒരു മുൻകുറി ആയിരുന്നു(1 കൊരി.15:20,23). ശബ്ബത്തിനു ശേഷമുള്ള ദിവസം തന്നെ ക്രിസ്തു പുനരുത്ഥാനം ചെയ്തു. ലേവ്യപുസ്തകം 23-ലെ ഈ വാക്യങ്ങളിൽ,"ആഴ്ചയുടെ ഒന്നാം നാൾ"എന്ന പദം ഉപയോഗിച്ചിട്ടില്ല; പകരം മറ്റൊരു പദം ഉപയോഗിച്ചിരിക്കുന്നു-"ശബ്ബത്തിന്റെ പിറ്റേന്നാൾ."ശബ്ബത്ത് ഏഴാം നാളും ശബ്ബത്തിനുശേഷമുള്ള പിറ്റേന്നാൾ ആഴ്ചയുടെ ആദ്യദിവസവും ആണ്. കൊയ്ത്തിന്റെ ആദ്യഫലം, കർത്താവിന് "ശബ്ബത്തിന്റെ പിറ്റേന്നാൾ" അർപ്പിച്ചിരുന്നു എന്നാൽ, പിന്നാലെ വരുന്ന ആഴ്ചയുടെ ഒന്നാം നാൾ എന്നാണർത്ഥം. കൊയ്ത്തിന്റെ ആദ്യഫലം പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. അവനാണ് പുനരുത്ഥാനത്തിന്റെ ആദ്യഫലം. കൊയ്ത്തിന്റെ ആദ്യഫലമായി കർത്താവ് മരിച്ചവരിൽനിന്ന് പുനരുത്ഥാനം ചെയ്തതുകൊണ്ട്, കൊയ്ത്തിന്റെ ആദ്യഫലം എന്നായിരുന്നു ദൈവത്തിന് അർപ്പിക്കപ്പെട്ടത്? അത് ശബ്ബത്തിന്റെ പിറ്റേന്നാൾ ആയിരുന്നു, അതായത്, ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ. ഇത് ഒരു മുൻകുറി മാത്രമല്ല യോഹന്നാൻ 20-ൽ നിറവേറിയ ഒരു പ്രവചനവും ആണ്.

കർത്താവിന് നീരാജനയാഗമായി അർപ്പിക്കപ്പെട്ട കൊയ്ത്തിന്റെ ആദ്യഫലം പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു. നീരാജനയാഗം ഉദർച്ചാർപ്പണയാഗത്തിൽനിന്ന് വ്യത്യസ്തമാണ്. നീരാജനയാഗം അർപ്പിച്ചത്, അങ്ങോട്ടുമിങ്ങോട്ടും ചലിപ്പിച്ചുകൊണ്ടായിരുന്നു; അത് പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. ഉദർച്ചാർപ്പണം മേലോട്ടും കീഴോട്ടും ചലിപ്പിച്ചുകൊണ്ട് ഉയർത്തിയിരുന്നു; അത് ആരോഹണത്തിലുള്ള ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. അങ്ങോട്ടുമിങ്ങോട്ടുമുള്ള ആട്ടം സ്ഥിരമായ ചലനത്തെ സൂചിപ്പിക്കുന്നു. അങ്ങനെ, ക്രിസ്തു പുനരുത്ഥാനം ചെയ്തതുമൂലം ജീവനിൽ ചലിച്ചുകൊണ്ടിരിക്കുന്നു. അവൻ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലെ നീരാജനയാഗമാണ്.

ഇവിടെ പരിഗണിക്കേണ്ട മറ്റൊരു കാര്യം യിസ്രായേൽ മക്കളുടെ പരിച്ഛേദനയാണ്. ഏതു ദിവസം പരിച്ഛേദന ഏൽക്കണമെന്ന് ദൈവം അവരോടു നിർദ്ദേശിച്ചു? അത് എട്ടാം ദിവസം ആയിരുന്നു (ഉല്പ.17:12). ഒരു ആഴ്ചവട്ടത്തിനു ശേഷം, മറ്റൊരു ആഴ്ചവട്ടത്തിന്റെ ആദ്യദിവസം ഉണ്ട്-അതായത്, എട്ടാം ദിവസം. എട്ടാം ദിവസം പരിച്ഛേദന ഏൽക്കണമെന്ന് യിസ്രായേൽ മക്കളോട് കർത്താവ് നിർദ്ദേശിച്ചതിന്റെ പ്രാധാന്യം, അവർ തങ്ങളുടെ പഴയ പ്രകൃതം ഉപേക്ഷിക്കണമെന്നും പുനരുത്ഥാനജീവനിൽ ജീവിക്കണമെന്നുമായിരുന്നു. അവർ സ്വാഭാവികമായി ജനിച്ചവർ ആയിരുന്നു; തങ്ങളുടെ പഴയ

പ്രകൃതം അവസാനിപ്പിച്ച് പുനരുത്ഥാനജീവനാൽ ജീവിക്കുന്ന ഒരു പുതിയ പ്രകൃതം, അവർക്ക് ലഭിക്കണമായിരുന്നു. അതിനാൽ യിസ്രായേല്യരോട് എട്ടാം ദിവസം പരിച്ഛേദന ഏൽക്കാൻ കല്പിച്ചു. ക്രിസ്തുവിൽ നാം എല്ലാവരും അവന്റെ ക്രൂശിനാൽ പരിച്ഛേദന ഏറ്റു എന്ന് കൊലൊസ്യർ 2:11-ഉം 12-ഉം പ്രഖ്യാപിക്കുന്നു. തന്റെ ജനം, പുനരുത്ഥാനജീവനിൽ ജീവിക്കത്തക്കവണ്ണം പഴയ പ്രകൃതം ഉരിഞ്ഞുകളഞ്ഞ് പുതിയ പ്രകൃതം ധരിക്കണം എന്നതാണ് ദൈവത്തിന്റെ താൽപര്യം. ഇത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ആയ, എട്ടാം ദിവസത്തെ സംബന്ധിച്ച ഒരു കാര്യമാണ്. ഇത് പുനരുത്ഥാനത്തെ തന്നെ സൂചിപ്പിക്കുന്നു, കാരണം പുനരുത്ഥാനം ഒരു പുതിയ സൃഷ്ടിയിൽ ഒരു പുതിയ തലമുറയ്ക്കായുള്ള ഒരു പുതിയ തുടക്കമാണ്.

Wed സർവ്വവും ഉൾക്കൊള്ളുന്ന തന്റെ മരണത്താൽ, ക്രിസ്തു, പഴയ സൃഷ്ടിയെ അവസാനിപ്പിച്ചു; ആറ് ദിവസവും ഒരു ശബ്ബത്തുദിവസവും കൊണ്ട് പൂർത്തീകരിച്ചതായ. തന്റെ പുനരുത്ഥാനത്തിൽ, അവൻ ദിവ്യജീവനോടുകൂടെ പുതിയ സൃഷ്ടിയെ മുളപ്പിച്ചു. അതുകൊണ്ട്, ഇത് ഒരു പുതിയ"ആഴ്ചവട്ട"ത്തിന്റെ-ഒരു പുതിയ യുഗത്തിന്റെ- ആരംഭമാണ്. അവന്റെ പുനരുത്ഥാനദിവസം ദൈവം നിയമിച്ചതായിരുന്നു."ഇത് യഹോവ ഉണ്ടാക്കിയ ദിവസം; നാം ഇതിൽ സന്തോഷിച്ച് ആനന്ദിക്കും"എന്ന് സങ്കീർത്തനം 118:24 പറയുന്നു. നാം ഈ വാക്യം അതിന്റെ പൂർവ്വാപരബന്ധം അനുസരിച്ച് വായിക്കുകയാണെങ്കിൽ അത് കർത്താവിന്റെ പുനരുത്ഥാനദിവസത്തെ പരാമർശിക്കുന്നു എന്നു നാം കാണും. അവന്റെ പുനരുത്ഥാനദിവസം ഒരു പ്രത്യേക ദിവസം, ദൈവം നിയമിച്ച ഒരു ദിവസം ആയിരുന്നു കർത്താവിന്റെ പുനരുത്ഥാനദിവസം, സങ്കീർത്തനം 2:7 ൽ"ഈ ദിവസം"ആയി പ്രവചിക്കപ്പെട്ടിരിക്കുന്നത് പ്രവൃത്തികൾ 13:33-ലും എബ്രായർ 1:5-ലും ഉദ്ധരിച്ചിരിക്കുന്നു. കർത്താവായ യേശു ഭൂമിയിൽ ആയിരുന്നപ്പോൾതന്നെ, താൻ ക്രൂശിക്കപ്പെടുമെന്നും, മരിച്ചവരിൽനിന്ന് മൂന്നാംദിവസം ഉയിർക്കുമെന്നും പ്രവചിച്ചിരുന്നു(മത്താ.16:21; യോഹ.2:19,22). ഈ"മൂന്നാം ദിവസം"ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയിരുന്നു. പിന്നീട്, ഈ ദിവസത്തെ ആദ്യകാല ക്രിസ്ത്യാനികൾ"കർത്തൃദിവസം"എന്നു വിളിച്ചു(വെളി.1:10). അത് എത്രയോ അത്ഭുതകരമായ ദിവസമായിരുന്നു!

കർത്താവ് പുനരുത്ഥാനം ചെയ്തത് ആഴ്ചവട്ടത്തിന്റെ ആദ്യദിവസം മാത്രമായിരുന്നില്ല, ദിവസത്തിന്റെ ആരംഭത്തിലും ആയിരുന്നു എന്നത് ചൂണ്ടികാണിക്കേണ്ടതുണ്ട്. അവൻ പുനരുത്ഥാനം ചെയ്തത് വൈകുന്നേരത്തല്ല പ്രഭാതത്തിലായിരുന്നു. ഒരിക്കൽകൂടി ഇത് ഒരു പുതിയ തുടക്കത്തെയും, ഒരു പുതിയ ആരംഭത്തെയും, ഒരു പുതിയ കാലയളവിനെയും, ഒരു പുതിയ തലമുറയെയും, ഒരു

പുതിയ യുഗത്തെയും, ഒരു പുതിയ സൃഷ്ടിയെയും, ഒരു പുതിയ ദിവസത്തെയും സൂചിപ്പിക്കുന്നു. കർത്താവിന്റെ പുനരുത്ഥാനം ഒരു പുതിയ ദിവസത്തിന്റെ തുടക്കമാണ്, കാരണം അവൻ ഒന്നാം ദിവസം അതിരാവിലെ പുനരുത്ഥാനം ചെയ്തു.

## B. "പുനരുത്ഥാന"ത്തിന്റെ "ആദ്യഫല"മായി

"പുനരുത്ഥാന"ത്തിന്റെ"ആദ്യഫല"മായി ക്രിസ്തു ഉയിർത്തെഴുന്നേറ്റു(1 കൊരി.15:20-23). പുനരുത്ഥാനത്തിൽ അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായി ജനിച്ചു. ദൈവത്തിന്റെ നിസ്തുലനായ, ഏകജാതനായ പുത്രൻ എന്ന നിലയിൽ, അവന് ജനിപ്പിക്കപ്പെടേണ്ട ആവശ്യമില്ലായിരുന്നു, എന്നാൽ ഏകജാതനായ പുത്രന് ആദ്യജാതനായ പുത്രനായിത്തീരുവാൻ അവന് പുനരുത്ഥാനത്തിൽ ജനിക്കണമായിരുന്നു(പ്രവൃ.13:33; എബ്രാ.1:5). തന്റെ പുനരുത്ഥാനദിവസം ക്രിസ്തു"സഭ എന്ന ശരീരത്തിന്റെ തല"ആകുവാൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനും"മരിച്ചവരിൽനിന്ന് ആദ്യം ജനിച്ചവനും"ആയി ജനിച്ചു(കൊലൊ.1:18).

## C. പഴയ സൃഷ്ടിയെ കല്ലറയിൽ ഉപേക്ഷിച്ചു

കർത്താവായ യേശു പുനരുത്ഥാനം ചെയ്തപ്പോൾ, അവൻ പഴയ സൃഷ്ടിയെ കല്ലറയിൽ ഉപേക്ഷിച്ചു(20:1-10). പത്രൊസ് കല്ലറയിൽ കടന്നു"ശീലകൾ കിടക്കുന്നതും അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടുകൂടെ കിടക്കാതെ വേറിട്ട് ഒരിടത്ത് മടക്കി വച്ചിരിക്കുന്നതും കണ്ടു"(വാ.6-7). യേശുവിന്റെ ശരീരം സംസ്കരിക്കുന്നതിനു മുമ്പ്, അത് ശീലയിൽ പൊതിഞ്ഞുകെട്ടിയിരുന്നു (19:40). അവന്റെ സംസ്കാരത്താൽ പഴയ സൃഷ്ടിയെ കല്ലറയിലേക്ക് കൊണ്ടുവന്നു എന്ന് സൂചിപ്പിച്ചുകൊണ്ട്, പഴയ സൃഷ്ടിയിലുള്ള ചിലതുമായി അവൻ കല്ലറയിലേക്ക് പോയി എന്നാണ് ഇതിന്റെ അർത്ഥം. കർത്താവിന്റെ പുനരുത്ഥാനം ചെയ്ത ശരീരത്തിൽനിന്ന് നീക്കിക്കളഞ്ഞതും അവന്റെ കല്ലറയിൽ ഉപേക്ഷിച്ചതുമായ എല്ലാം താൻ ധരിച്ചിരുന്നത് പഴയ സൃഷ്ടിയെ ആയിരുന്നു എന്ന് സൂചിപ്പിക്കുന്നു. അവൻ പഴയ സൃഷ്ടിയോടൊപ്പം ക്രൂശിക്കപ്പെടുകയും, അതോടുകൂടെ അടക്കപ്പെടുകയും ചെയ്തു. എന്നാൽ കല്ലറയിൽ അത് ഉപേക്ഷിക്കുകയും അങ്ങനെ അവൻ പുതിയ സൃഷ്ടിയുടെ ആദ്യഫലമായിത്തീരുകയും ചെയ്തുകൊണ്ട് അവൻ അതിന്റെ ഉള്ളിൽനിന്ന് ഉയിർത്തെഴുന്നേറ്റു.

കല്ലറയിൽ ഉപേക്ഷിച്ച സകലവും കർത്താവിന്റെ പുനരുത്ഥാനത്തിന് ഒരു സാക്ഷ്യമായിരുന്നു. ശരിയായ ഒരു ക്രമത്തിൽ ഈ സംഗതികൾ അവിടെ ഉപേക്ഷിച്ചിട്ടില്ലായിരുന്നുവെങ്കിൽ, കർത്താവിനെ ആരും എടുത്തുകൊണ്ടുപോയതല്ല, പിന്നെയോ അവൻ തന്നെത്താൻ ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുവാൻ പത്രൊസിനും

യോഹന്നാനും പ്രയാസമാകുമായിരുന്നു(വാ.8). ഈ സംഗതികൾ കർത്താവിന് നൽകിയതും അവനെ പൊതിഞ്ഞതും അവന്റെ രണ്ടു ശിഷ്യന്മാരായ യോസേഫും നിക്കോദേമൊസും ആയിരുന്നു(19:38-42). അവനോടുള്ള തങ്ങളുടെ സ്നേഹംകൊണ്ട് അവർ കർത്താവിനെ പൊതിഞ്ഞ വസ്തു കർത്താവിന്റെ സാക്ഷ്യത്തിന് വളരെ ഉപയോഗപ്രദമായിത്തീർന്നു. അവൻ മരണത്തിൽനിന്ന് പുറത്തുവന്നു എന്നതിനുള്ള തെളിവെന്നവണ്ണം കല്ലറയിലേക്ക് താൻ കൊണ്ടുവന്ന പഴയ സൃഷ്ടിയിലെ സകലവും ഉപേക്ഷിച്ചുകൊണ്ട്, കർത്താവ് മരിച്ചവരിൽനിന്ന് പുനരുത്ഥാനം ചെയ്തു.

ദൈവത്തിന്റെ കണ്ണുകളിൽ, പഴയ സൃഷ്ടി മുഴുവനും ആ കല്ലറയിൽ അടക്കപ്പെട്ടു. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഇതൊരു അത്ഭുതകരമായ വസ്തുതയാണ്. നിങ്ങളുടെ പഴയ മനുഷ്യനും നിങ്ങളുടെ സ്വയവും ഉൾപ്പെടെ, പഴയ സൃഷ്ടി, യേശുവിനോടൊപ്പം കല്ലറയിൽ അടക്കപ്പെടുകയും അവിടെ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. സർവ്വവും ഉൾക്കൊള്ളുന്ന ക്രിസ്തു കല്ലറയിലേക്ക് പോയപ്പോൾ, നാം അവനോടൊപ്പം അവിടേക്ക് പോയി. അവൻ പുനരുത്ഥാനം ചെയ്തപ്പോൾ, അവൻ നമ്മെ അവിടെ ഉപേക്ഷിച്ചു. ഈ പ്രപഞ്ചത്തിൽ, നമ്മുടെ പഴയ മനുഷ്യൻ അടക്കപ്പെടുകയും ഇപ്പോഴും അവിടെ അവശേഷിക്കുകയും ചെയ്യുന്ന, ഇത്തരം അത്ഭുതകരമായ സർവ്വവും ഉൾക്കൊള്ളുന്ന ഒരു കല്ലറയുണ്ട്. ഇപ്പോൾ, നമ്മുടെ പഴയ മനുഷ്യൻ കല്ലറയിലും നമ്മുടെ പുനരുത്ഥാനം ചെയ്ത പുതിയ മനുഷ്യൻ സഭയിലും ആണ്.

ശീലകളും റൂമാലും കല്ലറയിൽ ഉപേക്ഷിച്ചത് വളരെ നല്ല ഒരു ക്രമത്തിലായിരുന്നു(വാ.7). ആര് ചണനൂൽ ശീലകളും റൂമാലും കർത്താവായ യേശുവിൽനിന്ന് എടുക്കുകയും റൂമാൽ മടക്കുകയും ഒരു നല്ല ക്രമത്തിൽ വയ്ക്കുകയും ചെയ്തു? അതു ചെയ്തത് ദൂതന്മാർ ആയിരുന്നില്ല, കർത്താവായ യേശുതന്നേ ആയിരുന്നു. ഇതിനു തെളിവ് പതിനൊന്നാം അദ്ധ്യായത്തിലുള്ള ലാസറിന്റെ ഉയിർപ്പാണ്. ലാസർ മരിച്ചവരിൽനിന്ന് ഉയിർത്തശേഷം കല്ലറയിൽനിന്ന് പുറത്തു വന്നപ്പോൾ,"അവന്റെ കൈയും കാലും ശീലകൾകൊണ്ടു കെട്ടിയും മുഖം ഒരു റൂമാൽകൊണ്ടു കെട്ടിയുമിരുന്നു"(11:44). അതുകൊണ്ട്, യേശു,"അവന്റെ കെട്ട് അഴിക്കുവിൻ; അവൻ പോകട്ടെ"(11:44) എന്ന് ജനത്തോടു പറഞ്ഞു. തന്റെ സംസ്കാരശീലകളിൽനിന്ന് സ്വതന്ത്രനാകുവാൻ ലാസറിന് സഹായം ആവശ്യമായിരുന്നു, കാരണം അവൻ ഉയിർപ്പിക്കപ്പെട്ടവൻ ആയിരുന്നു, ഉയിർപ്പിക്കുന്നവൻ അല്ലായിരുന്നു. എന്നാൽ കർത്താവായ യേശു ഉയിർപ്പിക്കുന്നവൻ ആയിരുന്നു, ഉയിർപ്പിക്കപ്പെട്ടവൻ അല്ലായിരുന്നു. അവൻ തന്നെത്താൻ ഉയിർത്തു, ദൂതന്മാരുടെ സഹായവും അവന് ആവശ്യമില്ലായിരുന്നു. ദൂതന്മാർ

കാഴ്ചക്കാർ മാത്രമായിരുന്നു. പൊതിഞ്ഞിരുന്നവ ദൂതന്മാരാണ് നീക്കിയിരുന്നതെങ്കിൽ, കർത്താവിന് മരിച്ചവരിൽനിന്ന് തന്നെത്താൻ ഉയിർക്കുവാൻ കഴിയുകയില്ലായിരുന്നു എന്ന് അത് അർത്ഥമാകുമായിരുന്നു.

ഒരു പ്രത്യേക ഘട്ടത്തിൽ കർത്താവ് മരണത്തോട് ഇപ്രകാരം പറഞ്ഞിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു: "മരണമേ, നിന്റെ സമയം കഴിഞ്ഞു. ഞാൻ മരിച്ചവരിൽനിന്നും സ്വയം ഉയിർത്തെഴുന്നേറ്റു എന്നതിന്റെ സാക്ഷ്യമായി ഇനി ഞാൻ ഉയിർക്കുകയും നിന്റെ സാമ്രാജ്യത്തിൽനിന്ന് പുറത്തേക്ക് നടക്കുകയും എന്റെ ശരീരത്തിൽ പൊതിഞ്ഞിരിക്കുന്നവ നീക്കം ചെയ്യുകയും എല്ലാം ഒരു നല്ല ക്രമത്തിൽ വയ്ക്കുകയും അവ കല്ലറയിൽ ഉപേക്ഷിക്കുകയും ചെയ്യും." എന്നിട്ട്, കർത്താവ് മരണത്തോട് യാത്ര പറഞ്ഞിട്ട്, നടന്നു നീങ്ങിയിട്ടുണ്ടാകും. തത്ത്വത്തിൽ, ചുരുങ്ങിയത്, അത് ഇപ്രകാരംതന്നെ ആയിരുന്നിരിക്കണം. കർത്താവിന് തിടുക്കം ഇല്ലായിരുന്നു. തട്ടിക്കൊണ്ടുപോകപ്പെട്ട ഒരു വ്യക്തി സ്വതന്ത്രനായശേഷം തിടുക്കത്തിൽ ഓടിയകലുന്നതുപോലെ, കല്ലറയിൽനിന്ന് അവൻ ആവേശപൂർവ്വം ഓടിയകന്നില്ല. ഇല്ല, കർത്താവ് ശാന്തനും സ്വസ്ഥനും ആയിരുന്നു. മരണത്തിന് തന്നോട് യാതൊന്നും ചെയ്യുവാൻ കഴിയുകയില്ല എന്നു കണ്ട്, അതിനെ സന്തോഷത്തോടെ അവൻ ഒന്ന് നോക്കിക്കാണും. അവനെ തടഞ്ഞുവയ്ക്കുവാൻ മരണം പരമാവധി ശ്രമിച്ചുവെങ്കിലും, അത് അസാധ്യമായിരുന്നു. വളരെ ലാഘവത്തോടെ, കർത്താവ് പൊതിഞ്ഞിരുന്ന ശീലകൾ നീക്കുകയും, റൂമാൽ മടക്കുകയും അവ ഒരു നല്ല ക്രമത്തിൽ വയ്ക്കുകയും ചെയ്തു. അവൻ ഇത് അനായാസം ചെയ്തപ്പോൾ മരണം അവനെ ഉറ്റു നോക്കിനിന്നു. അവൻ നിർഭയനായിരുന്നു, യാതൊന്നും അവനെ ഭീഷണിപ്പെടുത്തിയുമില്ല. അവൻ ഇങ്ങനെ പറഞ്ഞിരിക്കും, "മരണമേ, ഞാൻ എന്റെ ദൗത്യം പൂർത്തിയാക്കി. നിനക്ക് എന്നോട് യാതൊന്നും ചെയ്യുവാൻ കഴിയുകയില്ല; ഞാൻ നിന്നെ ഭയക്കുന്നും ഇല്ല. ഇതാ നിന്റെ ഭരണപരിധിയിൽനിന്ന് പുറത്തേക്ക് നടന്നുനീങ്ങുവാനുള്ള സമയമായി. എനിക്കു തിടുക്കമില്ല. എനിക്ക് വേണമെങ്കിൽ മറ്റൊരു ദിവസംകൂടി ഇവിടെ തങ്ങുവാൻ കഴിയും, എന്നാൽ പോകുവാനുള്ള സമയം ഇതാ വന്നിരിക്കുന്നു." കർത്താവ് മരിച്ചവരിൽനിന്ന് ഉയിർത്തപ്പോൾ, ഇതായിരുന്നു യഥാർത്ഥ അവസ്ഥ.

കർത്താവിന്റെ പുനരുത്ഥാനത്തിന്റെ സാക്ഷ്യം രണ്ടു പക്ഷത്തുനിന്ന്-മനുഷ്യരിൽനിന്നും ദൂതന്മാരിൽനിന്നും ആയിരുന്നു. നാം കണ്ടതുപോലെ, രണ്ട് ആദരണീയരായ ശിഷ്യന്മാരായിരുന്നു പൊതിയാനുള്ളവയെല്ലാം കർത്താവിന് നൽകിയത്. ഒടുവിൽ, അവനോടുള്ള സ്നേഹം നിമിത്തം അവർ കർത്താവിനുവേണ്ടി നൽകി

യതെല്ലാം അവന്റെ പുനരുത്ഥാനത്തിന്റെ ഉറപ്പുള്ളതും പരമാർത്ഥവുമായ സാക്ഷ്യം ആയിത്തീർന്നു. ഇതായിരുന്നു മനുഷ്യന്റെ പക്ഷത്തുനിന്നുള്ള സാക്ഷ്യം. നാം തുടർന്ന് കാണുവാനിരിക്കുന്നതുപോലെ, സ്വർഗ്ഗത്തിൽനിന്നുള്ള സാക്ഷ്യമായി, ദൈവം രണ്ടു ദൂതന്മാരെ അയച്ചു. അങ്ങനെ, കർത്താവിന്റെ പുനരുത്ഥാനത്തിന്റെ സാക്ഷ്യത്തിന് രണ്ടു പക്ഷമുണ്ടായിരുന്നു, ഒന്ന് ഭൂമിയിലെ മനുഷ്യനിൽനിന്നും മറ്റേത് സ്വർഗ്ഗത്തിലെ ദൂതന്മാരിൽനിന്നും. മനുഷ്യനും ദൂതന്മാരും, ഭൂമിയും സ്വർഗ്ഗവും, കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യമായതിന് കർത്താവിന് സ്തോത്രം.